(ബി) 19-9-2000-ാം തീയതിയിൽ

(സി) ഉണ്ട്. കുരാച്ചുണ്ട് പി.എസ്. ക്രൈം നമ്പർ 87/2000 യു./എസ്. 498(എ) 302 ഐ.പി.സി. പ്രകാരം.

(ഡി) 1. ബോസ്, എസ്/ഒ. ജോസഫ് എട്ടരക്കുഴി, കുരാച്ചുണ്ട് അംശം ദേശം.

2. ലെസി ജോസഫ്, എസ്/ഒ. ജോസഫ്, എട്ടാംകുഴി, കുരാച്ചുണ്ട്.

(ഇ) കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടില്ല.

(എഫ്) കെമിക്കൽ പരിശോധന, റിപ്പോർട്ട് ലഭിക്കുവാനും ഗൾഫിലുള്ള ജോളി എന്ന സാക്ഷിയെ ചോദ്യം ചെയ്യുവാനും ഉള്ളതുകൊണ്ടാണ് കാലതാമസം നേരിടുന്നത്.

ശ്രീ. സി. കേശവൻ സമർപ്പിച്ച പരാതിയിൻമേൽ തുടർനടപടി

64 (4499) ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ വേങ്ങശ്ശേരി ചോലോട്ടിൽ സി. കേശവൻ എന്നയാൾ 9-10-2002 എന്ന തീയതി വച്ച് അദ്ദേഹത്തിന്റെ മകൾ ഭർതൃപീഡനം മൂലം ആത്മഹത്യ ചെയ്തത് സംബന്ധിച്ച് മകളുടെ ഭർത്താവ് മലമ്പുഴ കാരേക്കാട് വീട്ടിൽ വാസു കൈവശപ്പെടുത്തിയിരിക്കുന്ന സ്വർണ്ണം, പണം, ഗൃഹോപകരണങ്ങൾ എന്നിവ തിരിച്ചുകിട്ടുന്നതിനുമായി ഒരു പരാതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പാലക്കാട് ഹേമാംബിക നഗർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഇടപെട്ട് ഗൃഹോപകരണങ്ങൾ ടി കേശവന് ലഭ്യമാക്കുകയും 9,000 രൂപയും രണ്ടുപവൻ സ്വർണാഭരണങ്ങളും പ്രതി വാസു 6 മാസത്തിനുള്ളിൽ കൊടുത്തുകൊള്ളാമെന്ന് 13-12-2002-ന് സർക്കിൾ ഇൻസ്പെക്ടർ മുമ്പാകെ സമ്മതിക്കുകയും ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ 13-6-2003-ൽ പ്രസ്തുത 6 മാസം കഴിഞ്ഞിട്ടും പ്രതി വാസുവിൽനിന്നും പണവും സ്വർണ്ണവും കിട്ടാത്ത സാഹചര്യത്തിൽ ആയത് ശ്രീ. കേശവന്റെ സംരക്ഷണയിൽ കഴിയുന്ന മകളുടെ മക്കൾ വിഷ്ണു, വിനോദ് എന്നിവർക്ക് ലഭ്യമാക്കാൻ ഉടൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഒറ്റപ്പാലം മണ്ഡലത്തിലെ വേങ്ങശ്ശേരി ചോലോട്ടിൽ കേശവൻ എന്നയാളുടെ മകളുടെ ഭർത്താവ് മലമ്പുഴ കാരേക്കാട് വീട്ടിൽ വാസു എന്നയാളുടെ പേരിലുള്ള മലമ്പുഴ പി.എസ്. ക്രൈം 77/01 യു/എസ് 498(എ) 306 ഐ.പി.സി. ആയി കേസ് കോടതിയിൽ വിചാരണയിൽ ഉള്ളതിനാൽ പോലീസ് എടുത്ത തീരുമാനവുമായി പ്രതി വാസു സഹകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly